## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 859** **10-06-2021 - ൽ മറുപടിയ്ക്ക്**

## മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 14 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കായി കേരള ടൂറിസം വകുപ്പിൽ നിന്നും ആകെ 40.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു, പദ്ധതി നടപ്പിലാക്കുന്നതിനായി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്. 1. പഴയങ്ങാടി ബോട്ട് ടെർമിനൽ - ടെർമിനൽ പ്രവൃത്തി പൂർത്തീകരിച്ചു. 2. പറശ്ശനിക്കടവ് ബോട്ട് ടെർമിനൽ - 98% പ്രവൃത്തി പൂർത്തീകരിച്ചു. 3. ധർമ്മടം ബോട്ട് ടെർമിനൽ - 78% പ്രവൃത്തി പൂർത്തീകരിച്ചു 4. ചേരിക്കൽ ബോട്ട് ടെർമിനൽ - 82% പ്രവൃത്തി പൂർത്തീകരിച്ചു 5. പാറപ്രം ബോട്ട് ടെർമിനൽ - 75% പ്രവൃത്തി പൂർത്തീകരിച്ചു 6. മമ്പറം ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു 7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - 79% പ്രവൃത്തി പൂർത്തീകരിച്ചു 8. മോന്താൽ ബോട്ട് ജെട്ടി - 98% പ്രവൃത്തി പൂർത്തീകരിച്ചു 9. കരിയാട് ബോട്ട് ടെർമിനൽ - 60% പ്രവൃത്തി പൂർത്തീകരിച്ചു 10. ന്യൂ മാഹി ബോട്ട് ടെർമിനൽ - 98% പ്രവൃത്തി പൂർത്തീകരിച്ചു 11. പാത്തിക്കൽ ബോട്ട് ജെട്ടി - 75% പ്രവൃത്തി പൂർത്തീകരിച്ചു 12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 80% പ്രവൃത്തി പൂർത്തീകരിച്ചു 13. പുന്നക്കടവ് ബോട്ട് ജെട്ടി - 85% പ്രവൃത്തി പൂർത്തീകരിച്ചു 14. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു സംസ്ഥാന പദ്ധതികൾക്ക് പുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ്ദർശൻ സ്കീമിൽ പെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 30 ജെട്ടി/ടെർമിനലുകൾ, മറ്റ് |

അനുബന്ധ ഘടകങ്ങൾക്കുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾക്കായി KEL നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയ ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെ പറയും പ്രകാരമാണ്. 1. മൈനർ ബോട്ട് ടെർമിനൽ മടക്കര - 50% പ്രവൃത്തി പൂർത്തീകരിച്ചു 2. അഴീക്കൽ ഫെറി  ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല 3. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 52% പ്രവൃത്തി പൂർത്തീകരിച്ചു 4. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - പ്രവൃത്തി ആരംഭിച്ചിട്ടില്ല 5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - പ്രവൃത്തി ആരംഭിച്ചിട്ടില്ല 6. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 52% പ്രവൃത്തി പൂർത്തീകരിച്ചു 7. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 52%  പ്രവൃത്തി പൂർത്തീകരിച്ചു 8. പട്ടുവം മേജർ ബോട്ട് ടെർമിനൽ - 72% പ്രവൃത്തി പൂർത്തീകരിച്ചു 9. കുപ്പം മേജർ ബോട്ട് ടെർമിനൽ - 71% പ്രവൃത്തി പൂർത്തീകരിച്ചു 10. നാറാത്ത് ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല 11. വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 35% പ്രവൃത്തി പൂർത്തീകരിച്ചു 12. മുതുകട ബോട്ട് ജെട്ടി  - പ്രവൃത്തി ആരംഭിച്ചിട്ടില്ല 13. പാപ്പിനിശ്ശേരി  ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല 14. തെക്കുമ്പാട്  മേജർ ബോട്ട് ടെർമിനൽ - 44% പ്രവൃത്തി പൂർത്തീകരിച്ചു 15. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു 16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി - പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു. 17. താവം ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു 18. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 10% പ്രവൃത്തി പൂർത്തീകരിച്ചു 19. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 60% പ്രവൃത്തി പൂർത്തീകരിച്ചു 20. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 60% പ്രവൃത്തി പൂർത്തീകരിച്ചു 21. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 50% പ്രവൃത്തി പൂർത്തീകരിച്ചു 22. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - പ്രാരംഭ പ്രവൃത്തി പുരോഗമിക്കുന്നു 23 & 24. എ കെ ജി ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്ക്നികൽ സാങ്ക്ഷൻ ലഭ്യമാകേണ്ടതുണ്ട് 25 & 26. സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos)  - ടെക്ക്നികൽ സാങ്ക്ഷൻ ലഭ്യമാകേണ്ടതുണ്ട് 27 & 28. കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos)  - ടെക്ക്നികൽ സാങ്ക്ഷൻ ലഭ്യമാകേണ്ടതുണ്ട് 29 & 30. ഭഗത് സിങ് ഐലന്റ് ബോട്ട് ജെട്ടി (2 Nos)  - ടെക്ക്നികൽ സാങ്ക്ഷൻ ലഭ്യമാകേണ്ടതുണ്ട് • KEL നെ ചുമതലപ്പെടുത്തിയ പദ്ധതി പ്രവൃത്തികളിൽ മലപ്പട്ടം

| | | | |
|---|---|---|---|
| | | | മുനമ്പുകടവ് പ്രദേശത്ത് വാക്ക് വേ, ഫുഡ് കോർട്ട്, ടോയലറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. മറ്റ് പ്രവർത്തികൾ CRZ അനുമതിക്ക് വിധേയമായി ചെയ്യേണ്ടുന്നതിനാൽ പ്രവർത്തി ആരംഭിച്ചിട്ടില്ല. • പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ (KSINC) ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ